പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1867 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം കുട്ടനാട്ടിൽ നിർമ്മിക്കുന്ന അംഗനവാടികൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ. തോമസ് ചാണ്ടി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ ഏതെല്ലാം സ്ഥലങ്ങളിൽ ആണ് അംഗനവാടികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ)സാമൂഹ്യനീതി വകുപ്പിൽ നബാർഡ്-ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക കാലപഴക്കം കൊണ്ട് പൊളിഞ്ഞു വീഴാറായവ പുനർ നിർമ്മിക്കുക എന്നിങ്ങനെ 700 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനത്തിന് ബന്ധപ്പെട്ട എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>ഓരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012- ലെ പൊതു മരാമത്ത് വകുപ്പ് എസ്.ഒ.ആർ പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാരുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട എം.എൽ.എ മുഖേനയും മറ്റും ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) ഇതിൽ ഏത് അംഗനവാടിയാണ് മാതൃകാ അംഗനവാടിയായി നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ബി) നബാർഡിന്റെ ഐ.ആർ.ഐഡി.എഫ് , പദ്ധതിപ്രകാരം, മാതൃകാ അംഗനവാടികൾ നിർമ്മാക്കാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ